പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2226. 15/07/2011-ൽ മറുപടിയ്ക്ക്

## എൽ.എ. യൂണിറ്റുകൾ രൂപീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ലാന്റ് അക്വിസിഷൻ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കോട്ടയം ജില്ലയിൽ പുതിയ എൽ.എ. യൂണിറ്റ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് 20.01.2010-ൽ കോട്ടയം ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;<br>(ബി) പുതിയ 27 തസ്തികകൾ ആരംഭിക്കണമെന്നു കാണിച്ച് ലാന്റ് റവന്യൂ കമ്മീഷണർ നൽകിയിരിക്കുന്ന പ്രൊപ്പോസലിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ ; ഇതു സംബന്ധിച്ച ഫയൽ നമ്പർ വ്യക്തമാക്കാമോ ;<br>(സി) പുതിയ എൽ.എ. യൂണിറ്റുകൾ രൂപീകരിക്കുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (എ) (ബി) (സി) കോട്ടയം ജില്ലയിലെ പൊതുവായ പൊന്നുംവില നടപടികൾക്കായി 27 തസ്തികകളോടു കൂടിയ ഒരു എൽ.എ.(ജനറൽ) യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ ശുപാർശ 35008/ബി1/2010/റവ നമ്പർ ഫയലിൽ കൈകാര്യം ചെയ്തു വരുന്നു. കോട്ടയം ജില്ലയിൽ നിലവിലുള്ള യൂണിറ്റ് കഴിഞ്ഞ വർഷം പൂർത്തിയാക്കിയ അക്വിസിഷൻ നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലുടൻ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്. പുതിയ എൽ.എ. യൂണിറ്റ് ആരംഭിക്കുന്നതിന് ധനകാര്യ വകുപ്പിന്റെയും, മന്ത്രിസഭാ യോഗത്തിന്റെയും അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ